**പതിനാലാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2012 — 06.02.2019 ൽ മറുപടിക്ക്

## സോഷ്യൽ മീഡിയ വഴി അപകീർത്തികരമായ പോസ്റ്റുകൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഷാഫി പറമ്പിൽ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയെ സോഷ്യൽ മീഡിയ വഴി വിമർശിച്ചതിനും അപകീർത്തികരമായ പോസ്റ്റുകളിട്ടതിനും ഇത്തരം പോസ്റ്റുകൾ ഷെയർ ചെയ്യതിന്റെയും പേരിൽ 2016 മേയ് മാസം മുതൽ 2019 വരെ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (എ) 25/05/2016 മുതൽ 29/01/2019 വരെ 17 സർക്കാർ ജീവനക്കാർക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്യുകയും 29 പേർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) ഇപ്രകാരമുള്ള പോസ്റ്റുകളുടെ പേരിൽ സൈബർ ക്രൈം പോലീസ് സ്റ്റേഷനിൽ എത്ര കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്; എത്ര പേരെ ഇതിനകം അറസ്റ്റ് ചെയ്തു; | (ബി) ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. |
| (സി) മുൻ മുഖ്യമന്ത്രി ശ്രീ.ഉമ്മൻചാണ്ടിക്കെതിരെ അപകീർത്തികരമായ പോസ്റ്റുകൾ സോഷ്യൽ മീഡിയയിൽ ഇട്ടതിന്റെ പേരിൽ 2011-16 കാലയളവിൽ എത്ര സർക്കാർ ജീവനക്കാർക്കെതിരെ നടപടി സ്വീകരിച്ചു; വിശദാംശം നൽകുമോ? | (സി) വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ